പ്രയാസമുള്ള സ്ഥലങ്ങളിൽ കോഴിവളർത്തൽ സങ്കേതങ്ങൾ ഉള്ളതുപോലെ നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വലിയ പുഴകളിലും തോടുകളിലും തടാകങ്ങളിലുമൊക്കെ മത്സ്യം വളർത്തി അവയെ മത്സ്യസംഭരണ കേന്ദ്രങ്ങളാക്കി മാറ്റി, അവിടെ മത്സ്യം ആവശ്യമുള്ളവർ, ഏതുസമയത്ത് ചെന്നാലും വലവീശി ആവശ്യക്കാർക്ക് മത്സ്യം ഉടനേതന്നെ പിടിച്ചുനൽകുന്നതിനുള്ള വിധത്തിൽ ഒരു മത്സ്യവിതരണ സംവിധാനം ഏർപ്പെടുത്താനും അതിനുവേണ്ട നടപടികളാവിഷ്കരിച്ച് നടപ്പിലാക്കാനും ഗവൺമെന്റ് ശ്രദ്ധിക്കുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : ഇപ്പോൾ നമ്മുടെ വൈപ്പിൻകരയിലും അതുപോലെ ഞാറയ്ക്കലിൽ ബഹുമാനപ്പെട്ട മെമ്പറുടെ സ്ഥലത്തുനിന്നും ഏത് സമയത്ത്ചെന്നാലും അവിടെ മൽസ്യം വേണമെന്ന് പറഞ്ഞാൽ ഉടനെതന്നെ അവയെ പിടിച്ച് കൊടുക്കുനതിനുള്ള സംവിധാനമുണ്ട്. ആ സൗകര്യം പ്രയോജനപ്പെടുത്തുന്ന ധാരാളം ആളുകളുമുണ്ട്. ഇപ്പോൾ പറഞ്ഞ പ്രകാരം ഓരോ പ്രദേശങ്ങളിലും അത് പ്രാവർത്തികമാക്കാൻ സാധിക്കുമോ ഇല്ലയോ എന്നകാര്യം ഗവൺമെന്റ് ആലോചിച്ചിട്ടില്ല. അതിനെപ്പറ്റി ആലോചിക്കാം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : സർ, ഇവിടെ ശ്രീ. ദാസൻ ചോദിച്ച ചോദ്യത്തിന് അങ്ങ് മത്സ്യക്കറി നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്ന് പറഞ്ഞു. പക്ഷേ അതേക്കുറിച്ച് അങ്ങേയ്ക്ക് പരീക്ഷിക്കാവുന്ന ഒരുകാര്യമുണ്ട്. നമ്മുടെ ഫോർട്ട് കൊച്ചിയിലെ കമാലക്കടവിൽ നമ്മൾ മൽസ്യം വേണമെന്ന് പറഞ്ഞുചെന്നാൽ മൽസ്യംപിടിച്ച് അപ്പോൾത്തന്നെ പാകപ്പെടുത്തി കൊടുക്കുന്ന ഒരു യൂണിറ്റ് ഉണ്ട്. അതുപോലുള്ള യൂണിറ്റുകൾ നമ്മുടെ നഗരപ്രദേശങ്ങളിലും സ്ഥാപിക്കുന്നതിനുവേണ്ട ധനസഹായം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. ടി.കെ. രാമകൃഷ്ണൻ</u> : മത്സ്യം പാകപ്പെടുത്തി ആവശ്യക്കാർക്ക് കൊടുക്കാനായിട്ടുള്ള ഒരാലോചനയുണ്ട്. പക്ഷേ ആ പദ്ധതി തുടങ്ങിയിട്ടില്ല. ഇപ്പോൾ നമ്മുടെ ഒസെക്രട്ടേറിയറ്റിന്റെ വടക്കേനടയ്ക്കൽ ഏതുസമയത്ത് ചെന്നാലും മൽസ്യം കിട്ടത്തക്കവിധത്തിൽ അതിനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്. അവിടെ ഇനി മൽസ്യം പാകപ്പെടുത്തി വയ്ക്കണമെന്ന ആലോചനയുണ്ട്. ക്രമേണ അത് മറ്റുസ്ഥലങ്ങളിലേക്ക്കൂടി വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ച് നടപടി സ്വീകരിക്കാം.

<u>മി. സ്പീക്കർ</u> : യേസ്, ചോദ്യം 232, ശ്രീമതി കെ.കെ. ശൈലജ ടീച്ചർ, ബഹുമാനപ്പെട്ട ജനസേചന വകുപ്പുമന്ത്രി.

2 (*232) ഗ്രാമീണ ജലസേചന പദ്ധതി

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> :

<u>ശ്രീ. പി. വിശ്വൻ</u> :

<u>ശ്രീ. എം. നാരായണൻ (കുഴൽമന്ദം)</u> :

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഏതെല്ലാം പ്രദേശങ്ങളിൽ ഗ്രാമീണ ജലസേചന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടു

LIBRARY ARCHIVES Kerala Legislative Assembly

ത്തുമോ; ഇതിനായി വാട്ടർ അതോറിട്ടി എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിവരുന്നു;

(ബി) ഗ്രാമീണ ജലസേചന പദ്ധതി മുഖേന ലക്ഷ്യമിട്ട പദ്ധതികളിൽ പൂർത്തിയാക്കാൻ കഴിഞ്ഞ പദ്ധതികൾ ഏതൊക്കെയാണ്;

(സി) പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികൾ പൂർത്തിയാക്കുന്നതിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ ഏതെക്കെയാണ്;

(ഡി) പൂർത്തിയാക്കാതെ കിടക്കുന്ന ഗ്രാമീണ ജലസേചന പദ്ധതികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ,

(എ) കേരളാ വാട്ടർ അതോറിറ്റി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള ഗ്രാമീണ ശുദ്ധജല വിതരണപദ്ധതികളുടെ നിയോജകമണ്ഡലം തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.† ഇതനുസരിച്ച് 1560 ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ ഇപ്പോഴുണ്ട്. (ഗ്രാമീണ ജലസേചന പദ്ധതികൾ കേരളാ വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നില്ല). സംസ്ഥാന പദ്ധതിവിഹിതം ഉപയോഗിച്ചുള്ള ഗ്രാമീണ ശുദ്ധജല വിതരണപദ്ധതികൾക്ക് പുറമേ കേന്ദ്രഗവൺമെന്റിന്റെ ത്വരിത ഗ്രാമീണ ശുദ്ധജലവിതരണപദ്ധതി പ്രകാരമാണ് പ്രധാനമായും ഗ്രാമങ്ങളിൽ ശുദ്ധജല വിതരണ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത്. ഇപ്രകാരം നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 100 പദ്ധതികളുടെ വിവരം അനുബന്ധം 2-ൽ കൊടുത്തിരിക്കുന്നു.†

കുടിവെള്ളത്തിന്റെ ഗുണമേന്മ കുറഞ്ഞ പ്രദേശങ്ങളിൽ (ഇരുമ്പ്, ഫ്ലൂറൈഡ്, ഉപ്പ് എന്നിവ അനുവദനീയമായ അളവിലും കൂടുതലുള്ള പ്രദേശങ്ങൾ) രാജീവ്ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷന്റെ സബ്മിഷൻ പ്രോഗ്രാം അനുസരിച്ചും ഗ്രാമീണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സബ്മിഷൻ അനുസരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 5 പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം 3 ആയി കൊടുത്തിരിക്കുന്നു.†

എൽ.ഐ.സി.യിൽ നിന്നും വായ്പ സംഘടിപ്പിച്ചും ചില ഗ്രാമീണ പദ്ധതികൾ ഏറ്റെടുക്കുന്നുണ്ട്. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന 52 പദ്ധതികളുടെ വിവരം അനുബന്ധം 4-ൽ ചേർത്തിരിക്കുന്നു.†

(ബി) പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടും അതിന് സാധിക്കാതെ വന്ന 25 ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളുണ്ട്. അവയുടെ വിവരം അനുബന്ധം-5-ൽ കൊടുത്തിട്ടുണ്ട്.†

(സി) ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സ്ഥലം അതാത് പഞ്ചായത്തുകളാണ് കേരള വാട്ടർ അതോറിറ്റിക്ക് ഏറ്റെടുത്ത് നൽകേണ്ടത്. ഇപ്രകാരം അനുയോജ്യമായ സ്ഥലം യഥാസമയം വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിൽ വരുന്ന കാലതാമസം ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്. ചിലപ്പോൾ മെറ്റീരിയൽസ് ലഭ്യമാക്കുന്നതിൽ വരുന്ന കാലതാമസവും ടെൻഡറുകൾ യഥാസമയം ഉറപ്പിക്കാൻ സാധി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്കാതെ വരുന്നതും പദ്ധതിയുടെ നടത്തിപ്പിനെ ബാധിക്കാറുണ്ട്. അപൂർവ്വമായി കരാറുകാർ പണികൾ പൂർത്തിയാക്കാതെ ഉപേക്ഷിച്ചുപോകുന്നതും കാലതാമസം ഉണ്ടാക്കുന്നു.

(ഡി) അനുബന്ധം 5-ൽ പറഞ്ഞിരിക്കുന്ന 25 പദ്ധതികളും ഈ സാമ്പത്തികവർഷം തന്നെ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവ കൂടാതെ 17 ഗ്രാമീണ പദ്ധതികൾ കൂടി ഈ വർഷംതന്നെ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. (അനുബന്ധം 6-ൽ വിവരം വിശദമായി കൊടുത്തിട്ടുണ്ട്). †

2000-2001-ൽ 32 ഗ്രാമീണപദ്ധതികളും പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. (അനുബന്ധം-7)† ത്വരിത ഗ്രാമീണ പദ്ധതികൾക്ക് സ്ഥലം ലഭ്യമാക്കുന്നതിന് വരുന്ന കാലതാമസം ഒഴിവാക്കാൻ കേരള വാട്ടർ അതോറിറ്റി ഒരു റിവോൾവിംഗ് ഫണ്ട് ഏർപ്പെടുത്തുന്നുണ്ട്. ഈ ഫണ്ടിൽ നിന്നും പഞ്ചായത്തുകൾക്ക് സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് വായ്പ അനുവദിക്കും. പദ്ധതി നടത്തിപ്പിൽവരുന്ന കാലതാമസം ഒഴിവാക്കാൻ "മോഡേൺ കോൺട്രാക്ട് മാനേജുമെന്റ് സിസ്റ്റം" കൊണ്ടുവരാനും തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : ഇവിടെ ഗ്രാമീണ ജലസേചനപദ്ധതികളെക്കുറിച്ചാണ് പറയേണ്ടത്. പക്ഷേ ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉത്തരത്തിൽ കൂടുതലായിട്ട് പറഞ്ഞിരിക്കുന്നത് ശുദ്ധജല വിതരണ പദ്ധതികളെക്കുറിച്ചാണ്. ചെറുകിട ജലസേചനപദ്ധതികൾ നടപ്പാക്കുന്ന കാര്യം വരുമ്പോൾ ഒരുപാട് നിബന്ധനകൾ അക്കാര്യത്തിൽ പ്രതികൂലമായിട്ട് നിൽക്കുകയാണ്. ആയക്കെട്ട് പോരാ എന്നുള്ള വിധത്തിൽ പലതരത്തിലുള്ള തടസ്സങ്ങൾ പറഞ്ഞ് ചെറുകിട ജലസേചനപദ്ധതികൾ നിഷേധിക്കുകയാണ്. എന്നാൽ അത്തരം ചെറുകിട പദ്ധതികൾ കേരളത്തിന് വളരെയേറെ ഉപകാരം ചെയ്യുന്നതാണ്. അതുകൊണ്ട് ആ നിബന്ധനകളിൽ അയവുവരുത്തിക്കൊണ്ട് ഓരോ പ്രദേശത്തിന്റെയും പ്രത്യേകതയനുസരിച്ച് ചെറുകിട കൃഷിക്കാർക്ക് ജലസേചനത്തിനുവേണ്ടി ചെറുകിട പദ്ധതികൾ ഏർപ്പെടുത്താൻ ഗവൺമെന്റ് മുൻഗണന കൊടുക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ചെറുകിട ജലസേചനപദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിന് ജലസേചനപദ്ധതികൾ നടപ്പാക്കുന്നത് വാട്ടർ അതോറിറ്റിയല്ല, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റാണ്. ഇവിടെ ചോദിച്ചിരിക്കുന്ന ചോദ്യത്തിൽ തന്നെ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഏതെല്ലാം പ്രദേശങ്ങളിൽ ഗ്രാമീണ ജലസേചനപദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നാണ് ചോദിച്ചിരിക്കുന്നത്. ഇതിനായി വാട്ടർ അതോറിറ്റി എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കിവരുന്നു? ഇതിനുള്ള മറുപടി ഞാൻ മെയിൻ ചോദ്യത്തിനുള്ള മറുപടിയിൽ പറഞ്ഞിരുന്നതാണ്. ഇവിടെ മെമ്പർ ചോദിച്ച ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരം പറഞ്ഞാൽ വാട്ടർ അതോറിറ്റി ഇത്തരം കാര്യങ്ങൾ ഏറ്റെടുത്ത് നടത്തുന്നില്ലായെന്നതാണ് അതിനുള്ള മറുപടി.

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : എൽ.ഐ.സി.യുടെ സഹായത്തോടുകൂടി ശുദ്ധജലവിതരണ പദ്ധതികളും ജലസേചന പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ടെങ്കിലും ഇപ്പോൾ എൽ.ഐ.സി.യിൽനിന്നും ഇതിനായി വായ്പ ലഭിക്കുന്നതിന് തടസ്സങ്ങൾ അനുഭവപ്പെടുന്നു എന്നാണ് മനസ്സിലാ

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ കഴിഞ്ഞിട്ടുള്ളത്. അതുപോലെതന്നെ വേൾഡ് ബാങ്കിന്റെയും എൽ. ഐ.സി.യുടെയും വായ്പകൾ ലഭിക്കുന്നതിന് തടസ്സമുണ്ടാകുന്നതുകൊണ്ട് പദ്ധതികളുടെ പ്രവർത്തനം തുടങ്ങുന്നതിന് കാലതാമസമുണ്ടാകുന്നുണ്ടോ; പദ്ധതികളുടെ പ്രവർത്തനം മുടങ്ങുന്നതിന് വായ്പ ലഭിക്കുന്നതിനുള്ള കാല താമസമാണോ കാരണമെന്ന് ഒന്ന് വെളിപ്പെടുത്തുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അങ്ങനെ ഈ വർഷം എൽ.ഐ.സി. യുടെ വായ്പയെ സംബന്ധിച്ച് ചില തടസ്സങ്ങളുണ്ടായിട്ടുണ്ട്. സാധാരണ എല്ലാവർഷവും എൽ.ഐ.സി.യുടെ വായ്പക്കുവേണ്ടിയുള്ള സ്കീമുകൾ വാട്ടർ അതോറിറ്റി നേരിട്ടാണ് സമർപ്പിക്കുന്നത്. എന്നാൽ ഈ വർഷം അതിൽനിന്ന് വ്യത്യസ്തമായ ഒരു സമീപനം വന്നു. പ്ലാനിംഗ് ബോർഡ് നേരിട്ട് സ്കീമുകൾക്കുവേണ്ടി ധനസഹായത്തിനായി വേണ്ട കാര്യങ്ങളൊക്കെ സമർപ്പിക്കണമെന്ന് ഒരു നിർദ്ദേശം വന്നിട്ടുണ്ട്. പ്ലാനിംഗ് ബോർഡ് ഈ വർഷം സമയത്ത് കൊടുത്തിരുന്നില്ല എന്ന കാരണത്താൽ, ആ ധനസഹായം എൽഐ.സി.യിൽനിന്നും കിട്ടുന്നതിന് തടസ്സമുണ്ടാകാനുള്ള സാദ്ധ്യതയില്ല. ഈ വർഷം പ്ലാനിംഗ്ബോർഡിന് പ്രസ്തുത സ്കീമുകളുടെ ഡീറ്റെയിൽസ് സമയത്തിന് എൽ.ഐ.സി.ക്ക് നൽകാൻ കഴിഞ്ഞില്ലെങ്കിലും എൽ.ഐ.സി. യുടെ സഹായത്തോടെ നടപ്പാക്കുന്ന പ്രോജക്ട് അംഗീകരിക്കപ്പെടുമെന്ന് ഉറപ്പ് കിട്ടിയിട്ടുണ്ട്.

ശ്രീ. പി. വിശ്വൻ : സർ, 1982-83-ൽ നിരവധി ഗ്രാമീണ ശുദ്ധജലവിത രണ പദ്ധതികൾ ആരംഭിച്ചിരുന്നു. അന്നത്തെ മന്ത്രി ബഹുമാനപ്പെട്ട എം.പി. ഗംഗാധരൻ കിലോമീറ്റർ കണക്കിന് പൈപ്പിട്ട് പദ്ധതിക്ക് രൂപം കൊടുത്തി രുന്നു. അതിന്റെഭാഗമായി കോഴിക്കോട് ജില്ലയിൽ 25 പഞ്ചായത്തുകൾക്ക് ശുദ്ധജലമെത്തിക്കാനുള്ള ഒരു പദ്ധതിയായ പെരുവണ്ണാമൂഴി ശുദ്ധജലവിത രണ പദ്ധതി തുടങ്ങി. ആ പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലായെന്നുമാ ത്രമല്ല പഴയ പൈപ്പിട്ട് ഉപയോഗശൂന്യമായ വെള്ളം എത്തിക്കുന്ന ഗുരുതര മായ ഒരു ആവസ്ഥയുണ്ടാക്കിക്കഴിഞ്ഞിരിക്കുകയുമാണ്. അത്തരം പദ്ധതികൾ കോഴിക്കോട് ജില്ലയിൽ മാത്രമല്ല മറ്റു ജില്ലകളിലുമുണ്ട്. അതിനെക്കുറിച്ച് കൃത്യമായ കണക്കെടുത്ത് എത്രകോടിരൂപ കേരളഗവൺമെന്റിന് നഷ്ടംവന്നു വെന്നുതന്നെ കണക്കാക്കേണ്ടതാണ്. ഈ പദ്ധതികൾ പൂർത്തീകരിക്കാനുള്ള പ്രായോഗികമായ പരിപാടി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ? ഉണ്ടെ ങ്കിൽ ഈ പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ആലോചിക്കുന്നത്?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : പെരുവണ്ണാമൂഴി പദ്ധതി തുടങ്ങി ഓരോന്നിനെയും സംബന്ധിച്ച വിവരങ്ങൾ കൂടുതൽ അറിയണമെങ്കിൽ പ്രത്യേകം ചോദ്യം ചോദിക്കണം. പൊതുവായ ചില കാര്യങ്ങൾ ഞാൻ നിയമസഭയുടെ ശ്രദ്ധയിൽപ്പെടുത്താം. ഒന്ന്, പഴയകാലത്തിട്ട പൈപ്പുകളിലൊക്കെ ഇപ്പോൾത്തന്നെ ലീക്കുണ്ട്. അങ്ങനെയുള്ള ചില ബുദ്ധി മുട്ടുകൾ വാട്ടർ സപ്ലൈ സ്കീമിലുണ്ട്. അത് ഈ പറഞ്ഞ മലബാർ പ്രദേശ മായ കോഴിക്കോട്, അതുപോലെ മറ്റുപല പ്രദേശങ്ങളിലുമുണ്ട്. തിരുവനന്ത പുരത്തുതന്നെ അങ്ങനെ പഴയ പൈപ്പിട്ടിരുന്ന സ്ഥലത്തെല്ലാം ഇപ്പോൾ ലീക്കുകാണുന്നു. ആ ലീക്ക് ഒഴിവാക്കുന്നതിനുവേണ്ടി പുതിയ ഒരു പദ്ധതി വാട്ടർ അതോറിറ്റി നടപ്പിലാക്കാൻ ശ്രമിക്കുന്നു. മിക്കവാറും രണ്ടുമൂന്നു മാസ ത്തിനകം അങ്ങനെയുള്ള ലീക്കുകൾ ഭാഗികമായി ഒഴിവാക്കാൻ ശ്രമിക്കുന്ന താണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.വിശ്വൻ : ഗ്രാമീണ ചെറുകിടജലസേചനപദ്ധതികൾക്ക് 'നബാർഡ് -ന്റെ സാമ്പത്തികസഹായം ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഈ വർഷം ആ ധനസഹായം കിട്ടിയിട്ടുള്ളത്?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഗ്രാമീണപദ്ധതികൾക്ക്/മിക്കവാറും സെൻട്രൽ ഗവൺമെന്റിന്റെ ഗ്രാന്റാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. 'നബാർഡ്' വഴിയുള്ള പദ്ധതികളെ സംബന്ധിച്ച് ഇപ്പോൾ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. അത് ഏതൊക്കെയാണ് എന്നുള്ളതുസംബന്ധിച്ച് പ്രത്യേകം ചോദ്യം ചോദിക്കാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഏതെങ്കിലും വാട്ടർ സപ്ലൈ സ്കീമുകൾ പഞ്ചായത്ത് ഭരണസമിതികൾക്ക് കൈമാറിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്രയെണ്ണം? അവ ഏതൊക്കെയാണ് എന്ന് വിശദമാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇപ്പോൾ 1,050 വാട്ടർ സപ്ലൈ സ്കീമുകൾ ആണ്. ഓരോ പഞ്ചായത്തിലും പണിതീർന്നുകിടക്കുന്ന വാട്ടർ സപ്ലൈ സ്കീമുകൾ- പഞ്ചായത്തുകളെ ഏൽപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്. തീരുമാനിച്ചത് മാത്രമല്ല അത് പഞ്ചായത്ത് ഡിപ്പാർട്ടുമെന്റിനുതന്നെ ഏതൊക്കെ സ്കീമുകളാണ് എന്നുള്ളതുസംബന്ധിച്ച് അറിയിച്ചിട്ടുമുണ്ട്. അതൊരു പരീക്ഷണാർത്ഥം മലപ്പുറം ജില്ലയിലാണ് കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : ഏതെല്ലാം ശുദ്ധജലവിതരണ പദ്ധതികൾക്കാണ് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ടെക്നോളജി മിഷന്റെ അംഗീകാരം ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഏതെല്ലാം പദ്ധതികളാണ് എന്നു ചോദിച്ചാൽ അതു പറയാൻ ബുദ്ധിമുട്ടാണ്. അതിന് പ്രത്യേക ചോദ്യം വേണം.

ശ്രീ. സി.കെ. രാജേന്ദ്രൻ : ത്വരിത ഗ്രാമീണ ശുദ്ധജല വിതരണപദ്ധതിയെ സംബന്ധിച്ച് തയ്യാറാക്കിയ പ്രോജക്ടിന് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? അതിന്റെ മതിപ്പുചെലവ് എത്രവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഓരോ പ്രോജക്ടിനും പ്രത്യേകം പ്രത്യേകം അതായത് രണ്ടുകോടിരൂപ, മൂന്നുകോടിരൂപ അങ്ങനെ ഏകദേശം 33 പദ്ധതികൾ കഴിഞ്ഞവർഷം കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്.

ശ്രീ. സി.കെ. രാജേന്ദ്രൻ : ത്വരിതഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ എവിടെയെല്ലാമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്? രണ്ടായിരാമാണ്ടോടുകൂടി എല്ലാവർക്കും ശുദ്ധജലം എത്തിക്കുക എന്നുള്ള ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു സ്കീം ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്. അതിന് വാട്ടർ അതോറിറ്റി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : രണ്ടായിരാമാണ്ടോടുകൂടി ഇതു നടപ്പാക്കുന്നതിന് വേൾഡ് ബാങ്കുമായി ചേർന്ന് ഇതുസംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ട്. ഏകദേശം 800 കോടിരൂപയുടെ ഒരു പദ്ധതി അവരുമായി ചർച്ച ചെയ്ത് അതിന്റെ പ്രാരംഭചർച്ച നടന്നിട്ടുണ്ട്. മിക്കവാറും രണ്ടായിരാമാണ്ടിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ആ പണം ഉപയോഗിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

251/2010.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ : അങ്ങ് 2000-2002-ാ മാണ്ടോടുകൂടി 32 പദ്ധതികൾ പൂർത്തീകരിക്കുന്ന കാര്യം പറയുകയുണ്ടായി. വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പാക്കിവരുന്ന പദ്ധതികളിലൊക്കെ അനാവശ്യമായ കാലതാമസം ഉണ്ടാകുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? 1999-ാമാണ്ടോടുകൂടി കമ്മീഷൻ ചെയ്യുമെന്ന് അങ്ങുതന്നെ നിയമസഭയിൽ പറഞ്ഞ, എത്ര പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്? ഇനി 2000-ാമാണ്ടോടുകൂടി എത്ര പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ചില പദ്ധതികൾക്കൊക്കെ കാലതാമസം വന്നിട്ടുണ്ട്. സാങ്കേതികമായ കാരണങ്ങളാണത്. ഒന്ന്, ഈ വർക്കുകൾ ആരംഭിക്കണമെങ്കിൽ ഭൂമി ഏറ്റെടുത്തു കൊടുക്കണം. ഭൂമി ഏറ്റെടുത്തു കൊടുക്കുന്നതിൽ ഒട്ടേറെ കാലതാമസംവരും. അതുപോലെതന്നെ കോൺട്രാക്ട് കൊടുക്കുന്നതിലും നിലവിൽ ചില വ്യവസ്ഥകളൊക്കെയുണ്ട്. കാലതാമസം വന്നിട്ടുള്ള ചില ജലസേചനപദ്ധതികൾ ഞങ്ങൾ പരിശോധിച്ചപ്പോൾ ബോധ്യപ്പെട്ടത് ഒരു വർക്കുതന്നെ എട്ടും പത്തും കോൺട്രാക്ടർമാർ ഉള്ളതാണ്. ഒരാൾ ട്രീറ്റ്മെന്റ് പ്ലാന്റിന്, ഒരാൾ ടാങ്ക് കെട്ടുന്നതിന്. അങ്ങനെ ഒരു ജലസേചനപദ്ധതിയിൽത്തന്നെ എട്ടും പത്തും കരാറുകാർ വരും. ഇതിൽ ഏതെങ്കിലും ഒരു കരാറുകാരൻ ഒരു വാട്ടർ സപ്ലൈ സ്കീമിന്റെ പണി ഇട്ടിട്ടുപോയാൽ സ്വാഭാവികമായും ആ വാട്ടർ സപ്ലൈ സ്കീം നടപ്പാക്കാൻ കഴിയുകയില്ല. ആ കാലതാമസം മനസ്സിലാക്കിക്കൊണ്ട് ഇപ്പോൾ ടേൺ കീ അടിസ്ഥാനത്തിൽ കരാർ കൊടുക്കാനും ആ നിലയിൽ ബിഗ് കോൺട്രാക്ടറ്റേഴ്സിനെ കണ്ടുപിടിച്ച് ആ പദ്ധതി ആ ആളിനുതന്നെ കൊടുക്കുന്നതിനുമുള്ള നടപടിയാണ് ആരംഭിച്ചിരിക്കുന്നത്. അതുപോലെതന്നെ നേരത്തെ നിലവിലിരുന്ന പൈപ്പ് വാങ്ങുന്ന സമ്പ്രദായം. അതും ഒരു റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ പൈപ്പ് വാങ്ങുന്നതിനുള്ള നടപടിയാണ് ഇപ്പോൾ വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിരിക്കുന്നത്.

ശ്രീ. വി.കെ. ചന്ദ്രൻ : 1979-ൽ പ്രവർത്തനമാരംഭിച്ച പാലക്കാട് ജില്ലയിലെ പരുതൂർ പഞ്ചായത്തിലെ ഒരു ശുദ്ധജല വിതരണപദ്ധതി- ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞിരിക്കുന്നത് 2000-ാംമാണ്ടിൽ 3-ാം മാസത്തിൽ കമ്മിഷൻ ചെയ്യുമെന്നാണ്. അതിന്റെ പമ്പിംഗ് മെയിനിന്റെ പ്രവർത്തനം ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അവിടത്തെ ജനങ്ങൾക്ക് കുടിവെള്ളത്തിന് വലിയ പ്രയാസമാണ്. അടിയന്തിരമായും അത് കമ്മിഷൻ ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച സ്ഥിതിക്ക് അത് പരിശോധിക്കുന്നതാണ്.

ശ്രീ. സി. മൊയിൻകുട്ടി : വൻകിട പദ്ധതികളിൽ പലതിലും സാങ്കേതികവും സാമ്പത്തികവുമായ വന്നിച്ച ഭാരം സർക്കാർ ഏറ്റെടുക്കേണ്ടി വന്നിട്ടുപോലും പരാജയമാണ് കഴിഞ്ഞ കാലങ്ങളിലെ അനുഭവം. ട്രയൽ റണ്ണിൽത്തന്നെ തകർന്നുപോയ പല പദ്ധതികളുമുണ്ട്. ഇത് പരിഹരിച്ചുകൊണ്ട് ജനകീയാസൂത്രണ പരിപാടി ഒക്കെ ആവിഷ്കരിക്കുന്ന ഈ സന്ദർഭത്തിൽ പ്രകൃതിദത്ത ഉറവകൾ പരമാവധി ചൂഷണം ചെയ്യുവാൻ കൂടുതൽ താൽപ്പര്യം കാണിക്കുമോ; ഗ്രാമ പഞ്ചായത്തുകൾക്ക് അതിനുള്ള ഉത്തരവാദിത്വം കൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഗ്രാമ പഞ്ചായത്തുകൾക്ക് കൊടുക്കുന്ന ഫണ്ടിൽനിന്നുതന്നെ 10 ശതമാനം കുടിവെള്ളത്തിന് മാറ്റിവയ്ക്കുവാനും അതാത് ഗ്രാമപഞ്ചായത്തുകളിൽ ചെറുകിട വാട്ടർ സപ്ലൈ സ്കീം ആരംഭിക്കുവാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന് ഗവൺമെന്റ് ഓർഡർ തന്നെ കൊടുത്തിട്ടുണ്ട്. മാത്രമല്ല പ്ലാൻ ഫണ്ടിൽനിന്ന് എത്ര തുക വേണമെങ്കിലും കുടിവെള്ളത്തിന് ചെലവാക്കാനുള്ള അനുമതി പഞ്ചായത്തുകൾക്ക് കൊടുത്തിട്ടുമുണ്ട്.

ശ്രീ. എം.വി. ജയരാജൻ : അനുബന്ധം-7-ൽ 47 ശുദ്ധജല വിതരണ പദ്ധതികൾ എൽ.ഐ.സി., ഹഡ്കോ തുടങ്ങിയ ഏജൻസികളുടെ സഹായത്തോടുകൂടി 2001-ൽ പരമാവധി കാലാവധി പറഞ്ഞുകൊണ്ട് പൂർത്തീകരിക്കുമെന്ന് അങ്ങ് വ്യക്തമാക്കിയിരിക്കുകയാണ്. ഇതിൽ എൽ.ഐ.സി.യുടെ ധന സഹായത്തോടുകൂടി ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ള പെരളശ്ശേരി ശുദ്ധജലവിതരണ പദ്ധതി, അഞ്ചരക്കണ്ടി ശുദ്ധജല വിതരണപദ്ധതി ഉൾപ്പെടെയുള്ള ചില പ്രധാനപ്പെട്ട പദ്ധതികൾ കാണുന്നില്ല. വിട്ടുപോയതാണോ; അതോ ഒഴിവാക്കിയതാണോ? അത് സംബന്ധിച്ച പരിപാടികൾ അങ്ങ്തന്നെ ഉദ്ഘാടനം ചെയ്തതാണ്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട സ്പീക്കറുടെ അനുവാദത്തോടുകൂടി ചോദിക്കണമെന്ന് ഞാൻ ഉദ്ദേശിച്ചത് ആ പദ്ധതികൾ ഈ ലിസ്റ്റിലേയില്ല.

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അത് പരിശോധിക്കാം. ലിസ്റ്റിൽ വിട്ടുപോകുവാൻ സാദ്ധ്യതയില്ല.

ശ്രീ. കെ.സി. ജോസഫ് : ഇവിടെ അങ്ങ് പറയുകയുണ്ടായി 25-ഓളം പദ്ധതികൾ പൂർത്തിയാകാതെ നീണ്ടുപോകുന്ന പദ്ധതികളുടെ പട്ടികയിൽ ഉണ്ടെന്ന്. എന്റെ നിയോജകമണ്ഡലത്തിലുള്ള ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീം 1991-ൽ ആരംഭിച്ചതാണ്. ഇപ്പോഴും പണി പൂർത്തിയായിട്ടില്ല. ട്രീറ്റ്മെന്റ് പ്ലാന്റിന് സ്ഥലം കിട്ടാത്തതായിരുന്നു അതിലുള്ള തടസ്സം. ഹൈക്കോടതിയിൽ കേസെല്ലാം മാറി. സ്ഥലം ലഭ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇനിയെങ്കിലും കാലതാമസം ഉണ്ടാകാതെ ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പണി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ? അതുപോലെ മുടങ്ങി കിടക്കുന്ന മറ്റ് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള സംവിധാനം വാട്ടർ അതോറിറ്റിയിൽ ഏർപ്പെടുത്തുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : മുടങ്ങിയ പദ്ധതികളെ സംബന്ധിച്ച് ഗവൺമെന്റ് മുൻകൈ എടുത്ത് അതാത് സ്ഥലത്ത് നോഗം വിളിച്ചുകൂട്ടി സാങ്കേതികമായി വന്നിട്ടുള്ള തടസങ്ങൾ നീക്കം ചെയ്യുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇരിക്കൂർ പദ്ധതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചതുപോലെ സ്ഥലം കിട്ടാത്തതായിരുന്നു. ഇപ്പോൾ സ്ഥലം കിട്ടിയിട്ടുണ്ട്. അടിയന്തിരമായി പണി തുടങ്ങുവാനുള്ള നടപടി സ്വീകരിക്കും.

ശ്രീ. സി.കെ. നാണു : 1980-ൽ ആരംഭിച്ചതാണ് വടകരയിലെ ഒഞ്ചിയൻ ചോറോട് ശുദ്ധജല വിതരണപദ്ധതി. പലപ്പോഴായി ബഹുമാനപ്പെട്ട മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ആ പ്രദേശത്തുള്ള എം.എൽ.എ.മാരും ഒക്കെ ഒരുമിച്ചിരുന്നു ചർച്ചചെയ്ത് വളരെ വേഗം അത് പൂർത്തിയാക്കുവാനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. പത്രം മുഖേന അവിടത്തെ ജനങ്ങളും ഇക്കാര്യം അറിഞ്ഞതാണ്. ആ പ്രദേശത്തുള്ള ജനപ്രതിനിധികൾ എന്നുള്ള നിലയിൽ ബഹുമാനപ്പെട്ട എ. കണാരനും, ബഹുമാനപ്പെട്ട സത്യൻ മൊകേ

രിയും ഞാനും ജനങ്ങളുടെ മുമ്പാകെ അപഹാസ്യരാകുന്നത് ഒഴിവാക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് എന്ത് ചെയ്യുവാൻ സാധിക്കും?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അത് പരിശോധിക്കാം.

ശ്രീ. പി.ജെ. ജോയി : അങ്ങ് ഇവിടെ മറുപടി പറഞ്ഞപ്പോൾ ഗ്രാമപഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ടിൽനിന്നും ഇഷ്ടംപോലെ തുക ചെലവഴിക്കാൻ കഴിയും, 10 ശതമാനം നിർബന്ധമായി ചെലവുചെയ്യണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞു. ഗ്രാമപഞ്ചായത്തുകൾക്ക് ഇപ്പോൾ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള എമൗണ്ട് ഒന്നുരണ്ടുവർഷമായിട്ട് ചെലവഴിക്കുവാൻ പറ്റാതെ കിടക്കുകയാണ്. വാട്ടർ അതോറിറ്റിയുടെ സാങ്കേതിക നേതൃത്വം ഇതിന് ആവശ്യമാണ്. ആ കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമയബന്ധിതമായി ആ പദ്ധതികൾ പൂർത്തീകരിക്കുവാൻ, ചില പദ്ധതികളുടെ എക്സ്റ്റെൻഷന്, ചില പദ്ധതികളുടെ പുനഃപ്രവർത്തനം പൂർത്തീകരിക്കുവാൻ തീരുമാനം എടുക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഡെപ്പോസിറ്റ് ചെയ്ത വർക്കുകളെ സംബന്ധിച്ച് കുറച്ച് കാലതാമസം വന്നത് ഗവൺമെന്റ് പരിശോധിക്കുകയുണ്ടായി. അപ്പോൾ മനസ്സിലായത് മെറ്റീരിയൽസ് വാങ്ങുന്നത് സംബന്ധിച്ച് നിർദ്ദേശിച്ചിട്ടുള്ളത് ജില്ലാ കളക്ടറും എക്സിക്യൂട്ടീവ് എഞ്ചിനീയറും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുമാണ്. അതൊക്കെ കാലാകാലങ്ങളിൽ വാങ്ങുന്നതിന് കാലതാമസം നേരിടുന്നതുകൊണ്ടാണ് ഡെപ്പോസിറ്റ് വർക്കുകൾ ധൃതഗതിയിൽ നടത്തുവാൻ കഴിയാതെ പോയത്. അതിന് എന്താണ് പരിഹാരമാർഗ്ഗം എന്ന് ഗവൺമെന്റ് വകുപ്പുകളുമായി ആലോചിച്ച് വേണ്ട നടപടി സ്വീകരിക്കും.

ശ്രീ. ജോസ് ബേബി : നമ്മുടെ സംസ്ഥാനത്ത് ടെക്നോളജി മിഷൻ പോലുള്ള സ്ഥാപനങ്ങൾ കോടിക്കണക്കിന് രൂപ ചെലവഴിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കുവാൻ വൈകുന്നതുമൂലം നമ്മുടെ സംസ്ഥാനത്തെ പദ്ധതികൾ നഷ്ടപ്പെടുമോ എന്ന ആശങ്കയുണ്ട്. അത് പരിഹരിക്കുവാൻ ഇത് സമയബന്ധിതമായി പൂർത്തിയാക്കുമോ? പാലക്കാട് ജില്ലയിൽ മലമ്പുഴ, മണ്ണാർക്കാട് തുടങ്ങിയ പ്രദേശങ്ങളിൽ ഇത്തരം പദ്ധതികളുണ്ട്. ഈ പദ്ധതികൾ വളരെ വേഗം പൂർത്തിയാക്കുവാൻ ആവശ്യമായ നടപടികൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തനിന്നും ഉണ്ടാകുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഈ പദ്ധതികൾ ധൃതഗതിയിൽ നടത്തുന്നതിനുവേണ്ട നടപടികൾ ഒക്കെ സ്വീകരിച്ചുവരുന്നു. സ്ഥലം കിട്ടാതെ കാലതാമസം വരുന്നതിന് റിവോൾവിംഗ് ഫണ്ട് ഉണ്ടാക്കുവാനും മറ്റും നടപടി സ്വീകരിക്കുന്നുണ്ട്. കാലതാമസം വരുന്നു എന്നുള്ളതിന്റെ പേരിൽ ഒരു പദ്ധതിയും നഷ്ടപ്പെടില്ല. നഷ്ടപ്പെട്ടിട്ടുമില്ല.

മി. സ്പീക്കർ : ചോദ്യം 233. ശ്രീ.എം.എ. തോമസ്, യേസ് ബഹുമാനപ്പെട്ട ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ)

3 (*233) പുരാവസ്തു വകുപ്പിന്റെ പ്രവർത്തനം

ശ്രീ. എം.എ. തോമസ് :

ശ്രീ. സെബാസ്റ്റ്യൻ പോൾ :

ശ്രീ. ടി.കെ. നൗഷാദ് :

LIBRARY ARCHIVES Kerala Legislative Assembly